സംസ്ഥാനത്ത് വൈ-ഫൈ (Wi-Fi) ഹോട്ട്സ്പോട്ടുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതി സർക്കാർ നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക് എന്നിവിടങ്ങളിൽ നിന്നുള്ള കമ്പനികളിൽ നിന്നു മാത്രം ഏകദേശം 8252 കോടി രൂപയുടെ വാർഷിക സോഫ്റ്റ്വെയർ കയറ്റുമതിയും, ഏകദേശം 80000-ത്തോളം വരുന്ന നേരിട്ടുള്ള തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ഇതുകൂടാതെ ടെക്നോപാർക്ക്, ഇൻഫോപാർക്ക് എന്നിവിടങ്ങളിലെ കമ്പനികളിൽ നിന്നും പ്രതിവർഷം നികുതിയിനത്തിൽ സർക്കാരിന് ഗണ്യമായ തുക ലഭിക്കുന്നുണ്ട്. ഐ.ടി. മേഖലയിലും അനുബന്ധ മേഖലകളിലുമുള്ള പ്രത്യക്ഷമായും പരോക്ഷമായുമുള്ള നിരവധി തൊഴിലവസരങ്ങൾ അഭ്യസ്തവിദ്യർക്ക് താൽപ്പര്യമുള്ള മേഖലകളിൽ ലഭ്യമാകുന്ന തൊഴിൽ സാധ്യതകൾ, ഐ.ടി./ഐ.ടി.ഇ.എസ്. സംരംഭങ്ങൾ/ സ്വകാര്യ നിക്ഷേപങ്ങൾ എന്നിവ മൂലമുള്ള സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച, സംസ്ഥാനത്തുണ്ടായ അന്താരാഷ്ട്ര നിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ, വാർത്താവിനിമയ സംവിധാനങ്ങൾ, നിലവാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങളോടുകൂടിയ ആരോഗ്യ സ്ഥാപനങ്ങൾ, വിനോദോപാധികൾ, സാമൂഹ്യ-സാംസ്കാരിക രംഗത്തെ പുരോഗതി, ഉയർന്ന ജീവിത നിലവാരം എന്നിവയും നേട്ടങ്ങളാണ്. മികച്ച സാങ്കേതിക നൈപുണ്യമുള്ളവർ രാജ്യത്തിനു പുറത്തേയ്ക്കും അന്യ സംസ്ഥാനങ്ങളിലേയ്ക്കും തൊഴിലവസരങ്ങളന്വേഷിച്ചു പോകുന്ന സാഹചര്യം പരമാവധി ഇല്ലാതാക്കി അവരുടെ വൈദഗ്ധ്യം ഐ.ടി. വ്യവസായ മേഖലയുടെ വികസനത്തിന് പരമാവധി ഉപയോഗപ്പെടുത്താൻ കഴിഞ്ഞു. ഐ.ടി. സ്റ്റാർട്ടപ്പ് മേഖലയെ സംബന്ധിച്ച് കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കി പ്രസ്തുത മേഖലയിൽ കാര്യമായ നേട്ടം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. കൂടുതൽ യുവ സംരംഭകരെ പ്രാപ്തരാക്കുന്നതിനുള്ള പ്രവർത്തനം തുടർന്നുവരുന്നു.

അട്ടപ്പാടിയിലെ ശിശുമരണങ്ങൾ

7(*37) ശ്രീമതി കെ. കെ. ലതിക :
ശ്രീ. എ. കെ.ബാലൻ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നവജാതശിശുക്കളുടെ മരണങ്ങൾ കൊണ്ടുള്ള അട്ടപ്പാടിയിലെ ദുരിതങ്ങൾക്കറുതി വരുത്തുന്നതിന് സാദ്ധ്യമായിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിന് കാരണങ്ങൾ കണ്ടെത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) പദ്ധതികൾക്ക് വകയിരുത്തപ്പെട്ട പണം വിനിയോഗിക്കാൻ നടപടി സ്വീകരിക്കാത്തതാണ് ഈ പ്രദേശങ്ങളിലെ ദുരിതങ്ങൾ തുടരാൻ ഇടയാകുന്നതെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി) ;

(എ) അട്ടപ്പാടിയിൽ സംഭവിച്ച ശിശുമരണങ്ങളുടെ പശ്ചാത്തലത്തിൽ ഇതു പരിഹരിക്കുന്നതിനായി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിയിരുന്നു. സാമൂഹ്യക്ഷേമ വകുപ്പിന്റെ കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി, സബല പദ്ധതി, അമൃതം ന്യൂട്രീഷ്യൻ മിക്സ് വിതരണം, ആരോഗ്യ വകുപ്പിന്റെ ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്ററുകൾ, ജാതക്-ജനനി സോഫ്റ്റ്വെയർ, പട്ടികവർഗ്ഗ ഗർഭിണികൾക്ക് അയൺ ഗുളികകൾ, ഫോളിക് ആസിഡ് എന്നിവകളുടെ വിതരണം, സപ്ലിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാം, പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഭക്ഷ്യസഹായ പദ്ധതി, ജനനി-ജന്മരക്ഷ പദ്ധതി തുടങ്ങിയവ പ്രാവർത്തികമാക്കിയതുമൂലം പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും, ആരോഗ്യപ്രശ്നങ്ങൾ കുറയ്ക്കുന്നതിനും സാധ്യമായിട്ടുണ്ട്. കൂടാതെ അട്ടപ്പാടിയിലെ പ്രോഗ്രാമുകൾ സംയോജിപ്പിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും ഒറ്റപ്പാലം സബ് കളക്ടറെ നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. കൂടാതെ ജനപ്രതിനിധികൾ ഉൾപ്പെട്ട ഒരു ഒൻപതംഗ സമിതിയെയും പ്രശ്നങ്ങൾ പരിശോധിച്ച് പരിഹരിക്കുന്നതിന് നിയോഗിച്ചിട്ടുണ്ട്. ആരോഗ്യപ്രശ്നങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിന് ഡോ. പ്രഭുദാസിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) മാസം തികയാതെയുള്ള പ്രസവം, ജനിതക വൈകല്യങ്ങൾ, പോഷണക്കുറവ്, ഗർഭകാലത്തെ കൃത്യമായ പരിചരണമില്ലായ്മ തുടങ്ങിയവ കാരണങ്ങളായി കണ്ടെത്തിയിട്ടുണ്ട്.

(സി) വിവിധ പദ്ധതികൾക്കായി സർക്കാർ അനുവദിച്ചിട്ടുള്ള ഫണ്ട് പട്ടികവർഗ്ഗ വികസന വകുപ്പ് നേരിട്ടും അട്ടപ്പാടി ഐ.റ്റി.ഡി.പി. ഓഫീസ് മുഖാന്തരവും ടി മേഖലയിൽ യഥാസമയം ചെലവഴിച്ചുവരുന്നുണ്ട്. ആയതിനാൽ ഫണ്ട് ചെലവഴിക്കാത്തതല്ല അട്ടപ്പാടിയിലെ ദുരിതങ്ങൾക്ക് കാണമായിട്ടുള്ളത്. പദ്ധതികളുടെ നടത്തിപ്പിന് പ്രധാനമായും വിഘാതമായി തീരുന്നത് അട്ടപ്പാടിയുടെ സവിശേഷ ഭൂപ്രകൃതിയും വിദൂരസ്ഥങ്ങളായ ഊരുകളുമാണ്. ടി ഊരുകളിൽ നടത്തേണ്ടിവരുന്ന അടിസ്ഥാന സൗകര്യ വികസനം ഏറെ പ്രയാസം നിറഞ്ഞതാണ്. ഇവയുടെ പൂർത്തീകരണത്തിന് കാലതാമസം അനുഭവപ്പെടുന്നത് സ്വാഭാവികമാണ്. ഭവന നിർമ്മാണം പോലുള്ള അടിസ്ഥാന സൗകര്യ വികസനത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കൾ പ്രാദേശികമായി ലഭ്യമല്ലാത്തത് ടി പ്രവൃത്തികളെ ദുഷ്കരമാക്കുന്നുണ്ട്. എന്നിരുന്നാലും പട്ടികവർഗ്ഗക്കാരുടെ ജീവിത പുരോഗതിയെ ലക്ഷ്യമാക്കി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly